## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5787

27-10-2011 ൽ മറുപടിയ്ക്ക്

# കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ** | **ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരളത്തിന്റെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട സഹായങ്ങൾക്കായി ഏതെല്ലാം പദ്ധതികളുടെ പ്രൊപ്പോസലുകളാണ് കേന്ദ്ര സർക്കാരിനു മുന്നിൽ സമർപ്പിച്ചതെന്ന് വെളിപ്പെടുത്താമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരളത്തിന്റെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട സഹായങ്ങൾക്കായി താഴെ പറയുന്ന പദ്ധതികളുടെ പ്രൊപ്പോസലുകളാണ് കേന്ദ്ര സർക്കാരിനു മുന്നിൽ സമർപ്പിച്ചത്.<br>1. കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പരിശീലനങ്ങളും പ്രദർശനങ്ങളും സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി.<br>2. നാളികേര പുനരുദ്ധാരണത്തിന് കുട്ടനാട്, ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി.<br>3. ആർ.കെ.വി.വൈ ഗൈഡ് ലൈൻസ് അനുസരിച്ച് കൃഷി അനുബന്ധ മേഖലകളുടെ വികസനം സംബന്ധിച്ച വിവിധ പദ്ധതികൾ.<br>4. കാസർഗോഡ്, വയനാട്, പാലക്കാട് എന്നീ മൂന്ന് ജില്ലകളുടെ വികസനത്തിനായുള്ള വിദർഭ പാക്കേജിനോടനുബന്ധമായുള്ള അഡീഷണൽ പ്രൊപ്പോസലുകൾ.<br>5. തൃശ്ശൂർ, മലപ്പുറം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന കോൾ മേഖലയുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതി. |

| | | | |
|---|---|---|---|
| (ബി) | ഈ പ്രൊപ്പോസലുകളിൽ എത്ര കോടി രൂപയുടെ ധനസഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ പ്രൊപ്പോസലുകൾക്ക് യഥാക്രമം<br>(1) 0.71 കോടി രൂപ<br>(2) (i) കുട്ടനാട് പാക്കേജ്- 0.3906 കോടി രൂപ<br>(ii) ഇടുക്കി പാക്കേജ്-0.0887 കോടി രൂപ<br>(3) 111.5 കോടി രൂപ<br>(4) 230.3 കോടി രൂപ<br>(5) 799.77 കോടി രൂപ ധനസഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. |
| (സി) | പദ്ധതി നിർവ്വഹണത്തിന് കേന്ദ്ര സർക്കാർ ഇതിനകം എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് അനുവദിച്ചതെന്ന് അറിയിക്കാമോ? | (സി) | (എ) (1) (2) പദ്ധതികൾക്ക് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല.<br>(3) പ്രകാരമുള്ള പദ്ധതിക്കായി 115.5 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്.<br>(4) പ്രകാരമുള്ള പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ